ADDRESS TO MINISTER FOR RURAL DEVELOPMENT

660. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവ മെന്റ് സദയം മറുപടി പറയുമോ.—

(എ) ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രിക്ക് ലഭിക്കുന്ന മംഗളപത്രങ്ങളുടേയും സ്വീകരണങ്ങളുടേയും ഒരു കണക്ക് വെച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ ഗ്രാമോദ്ധാരണമന്ത്രിക്ക് എത്ര സ്വീകരണങ്ങളും മംഗളപത്രങ്ങളും ലഭിക്കുകയുണ്ടായി?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

CHENNAMANGALAM VILLAGE—TODDY AND ARRACK SHOPS

661. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമെന്റിൽനിന്ന സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിൽ എത്ര കള്ളുഷാപ്പും എത്ര ചാരായ ഷാപ്പും ഉണ്ട്;

(ബി) ചേന്ദമംഗലം വില്ലേജിൽ എത്ര സ്പെഷൽ മദ്യഷാപ്പുകളും ഉണ്ട്; എവിടെയെല്ലാമാണ്;

(സി) ഈ മദ്യഷാപ്പുകളെപ്പറ്റി പൊതുജനങ്ങളിൽനിന്നും വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ;

(ഡി) ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചു വല്ല സമാധാനവും ചെയ്യുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ൩ കള്ളുഷാപ്പുകളും ൪ ചാരായ ഷാപ്പുകളും ഉണ്ട്.

(ബി) ൧ സ്പെഷൽ കള്ളുഷാപ്പുകളും. ചേന്ദമംഗലം വില്ലേജിൽ കിഴക്കുംപുറം ദേശത്തു ൧, ടി വില്ലേജ് തെക്കുംപുറം ദേശത്തു ൧, ടി വില്ലേജ് കൂട്ടുകാട് ദേശത്തു ൨, ടി വില്ലേജ് കരിംപാടം ദേശത്തു ൧, ടി വില്ലേജ് ചാത്തേടം ദേശത്തു ൨, ടി വില്ലേജ് ഗോതുരുത്തി ദേശത്തു ൧.

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

TRAINING IN NURSING, MIDWIFERY, ETC.

662. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമെന്റിൽനിന്ന സദയം മറുപടി പറയുമോ —

(എ) ഈ കൊല്ലം നെഴ്സിങ്ങ്, കമ്പൌണ്ടിംങ്ങ്, മിഡ്വൈഫറി എന്നീ സാങ്കേതിക ജോലികളുടെ പരിശീലനത്തിനു എടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ആകെ എത്ര പേർ അപേക്ഷകൾ അയച്ചിട്ടുണ്ടു്;

(ബി) ഓരോ വിഭാഗത്തിലേക്കും ടയിനിങ്ങിനു എടുത്തിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വെയ്ക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) നഴ്സിങ്ങിനു് ൧൭
കമ്പൌണ്ടിങ്ങിനു് ൨൭
മിഡ്വൈഫറിക്കു് ൧൩
ആകെ ൬൭

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

BARBER UNION—MATTANCHERI

663. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമെന്റ് സദയം മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരിയിലെ ബാർബർ തൊഴിലാളി യൂണിയനിൽനിന്നു് ഗവമെന്റിലേക്കും മട്ടാഞ്ചേരി നഗരസഭയിലേക്കും ൧൯൪൫ ഫിബ്രുവരിയിൽ, അവരുടെ ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

(Please see answer to question No. 662)

നഴ്സിങ്ങ് പരിശീലനത്തിനു് എടുത്തവർ

ലാറിൻ കാത്തലിക്ക്	൨
സിറിയൻ കാത്തലിക്ക്	൧
ജാക്കോബയിറ്റ് സിറിയൻ	൧
ഈഴുവൻ	൧
നായർ	൧
പുലയൻ	൧
	൬

ഈ എട്ടുപേർക്കും പുറമെ സ്റ്റൈപ്പൻറു കൂടാതെ പരിശീലനം നടത്തുവാൻ നാലു കന്യകാസ്ത്രീകളെക്കൂടി തിരഞ്ഞെടുത്തു.

കമ്പൌണ്ടിങ്ങ് പരിശീലനത്തിനെടുത്തവർ

നായർ	൩
റോമോസിറിയൻ	൧
ജാക്കോബൈറ്റ്	൧
പ്രോട്ടസ്റ്റൻറ്	൧
മുസ്ലീം	൧
	൭

മിഡ്വൈഫറി പരിശീലനത്തിനെടുത്തവർ

ഈഴുവൻ	൧
ജേക്കോബൈറ്റ് ക്രസ്ത്യൻ	൧
ഇൻഡിപ്പെണ്ടൻറ് സിറിയൻ ക്രസ്ത്യൻ	൧
മുസ്ലീം	൧
കണക്കൻ	൧
പുലയൻ	൨
നായർ	൧
	൬

APPENDIX VI

(See answer to question No. 699)

Copy of the Memo No. D5-3807/20, dated 11th January 1945

Memorandum.—Anamala and Kormala Collective Farming Co-operative Societies.

Reference.—Joint letter dated 23rd September 1944 from the President, the Anamala Collective Farming Co-operative Society and the President, Kormala Collective Farming Co-operative Society, Pariyaram.

The question of giving permanancy of tenure is under consideration, Orders when passed will be communicated to the petitioners.

(2) The two societies will be given small loans in the shape of seeds and implements through the Agricultural Department. Any further help will be considered after a year or two when their working is found to be satisfactory.

LIBRARY ARCHIVES Kerala Legislative Assembly